പയ്യാവൂരിൽ പോലീസ് സ്റ്റേഷൻ നിർമ്മിക്കാൻ നടപടി

158 (2150) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പയ്യാവൂരിൽ പോലീസ് സ്റ്റേഷനും പോലീസ് ക്വാർട്ടേഴ്സും പണിയാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനാവശ്യമായ സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അയ്യപ്പദാസ് കൊലചെയ്യപ്പെട്ട സംഭവം

159 (2153) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാറിൽ സി. പി. ഐ.(എം.) ലോക്കൽ കമ്മിറ്റി സെക്രട്ടറി അയ്യപ്പദാസ് കൊലചെയ്യപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംഭവവുമായി ബന്ധപ്പെട്ട് എത്രപേരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; കേസ് രജിസ്റ്റർ ചെയ്ത തീയതി എന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രതികളുടെ പേര് വിവരം വ്യക്തമാക്കുമോ ;

(ഡി) ഇതിൽ ഒന്നിൽ കൂടുതൽ ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുള്ള എത്രപേർ ഉണ്ട് ; എത്ര വീതം എന്ന് വ്യക്തമാക്കുമോ ;

(ഇ) എല്ലാ പ്രതികളേയും പിടികൂടിയിട്ടുണ്ടോ ;

(എഫ്) കേസിന്റെ പ്രഥമ വിവര റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എട്ട് പേരുടെ പേരിൽ 31-5-2003-ൽ കേസ് രജിസ്റ്റർ ചെയ്തു.

(സി) 1. ബാലു
2. ശങ്കർ
3. ജേക്കബ് ചാക്കോ
4. ഉദയകുമാർ
5. റെജി

LIBRARY ARCHIVES Kerala Legislative Assembly

6. ജാഹീർ ഹുസൈൻ
7. മുകേഷ്
8. സുനിൽ കുമാർ

(ഡി) ഒന്നിൽ കൂടുതൽ കേസുകൾ ഉള്ള മൂന്ന് പേർ ഉണ്ട്. ബാലുവിന് നാല് കേസും, ജാഹീർ ഹുസൈന് 3 കേസും സുനിൽകുമാറിന് 2 കേസും നിലവിലുണ്ട്.

(ഇ) ഇല്ല. ഒരാളെ അറസ്റ്റ് ചെയ്യാനുണ്ട്.

(എഫ്) ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.

പോലീസ് വകുപ്പിലേക്ക് വാങ്ങിയ പുതിയ വാഹനങ്ങൾ

160 (2154) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിന് എത്ര പുതിയ വാഹനങ്ങൾ വാങ്ങി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം ഇനം വാഹനങ്ങളാണെന്നും ഓരോ ഇനം വാഹനങ്ങൾക്കും നൽകിയ വിലയുടെ വിശദാംശവും വെളിപ്പെടുത്തുമോ ;

(സി) വാഹനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1362 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പോലീസ് വകുപ്പിലേക്ക് ആവശ്യമുള്ള വാഹനങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് അവർ ശുപാർശ ചെയ്ത പ്രകാരം ഡി. ജി. എസ്. ആന്റ് ഡി.-യുടെ റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചാണ് ഈ വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്.

കോഴിക്കോട് അത്തോളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

161 (2158) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ അത്തോളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടവും പോലീസുകാർക്ക് പുതിയ ക്വാർട്ടേഴ്സും പണിയുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly